केरल हिन्दी साहित्य अकादमी
കേരള ഹിന്ദി സാഹിത്യ അക്കാദമി KERALA HINDI SAHITYA ACADEMY
(Register No.277/82, 16 June 1982 : (An Organisation for Hindi Studies and National Integration)
D-1, Lakshmi Nagar, Pattom Palace P.O., Thiruvananthapuram-695004 (Kerala) Mobile : 8800095639
E-mail : sarada.sunanda@gmail.com Website : http://keralahindisahityaacademy.com; http://drnchandrasekharannair.in

संस्थापक अध्यक्ष : स्वर्गीय पद्मश्री डॉ.एन.चन्द्रशेखरन नायर
संरक्षकः जस्टिस एम.आर.हरिहरन नायर
(पूर्व न्यायाधीश, उच्च न्यायालय (केरल) और पूर्व ओमबुड्समेन और चेयरमान, केरल सरकार अगाडी समुदाय कल्याण कमिशन)

अध्यक्ष - प्रो.(डॉ.) एस.तंकमणि अम्मा, उपाध्यक्ष - डॉ.पी.लता, महासचिव - डॉ.एस.सुनंदा, सचिव - डॉ.विष्णु आर.एस., कोषाध्यक्ष - मालविका चन्द्रा

**പത്രക്കുറിപ്പ്**

## ഡോ.എൻ.ചന്ദ്രശേഖരൻ നായരെ അനുസ്മരിച്ചു

തിരുവനന്തപുരം: 2025 ജനുവരി 14

കേരള ഹിന്ദീ സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഹിന്ദീ ഭാഷാ പണ്ഡിതനും അക്കാദമിയുടെ സ്ഥാപക ചെയർമാനുമായ പത്മശ്രീ ഡോ.എൻ.ചന്ദ്രശേഖരൻ നായർ അനുസ്മരണ സമ്മേളനം നടന്നു. കേരള ഹിന്ദീ സാഹിത്യ അക്കാദമി അധ്യക്ഷ ഡോ.എസ്.തങ്കമണി അമ്മയുടെ അദ്ധ്യക്ഷതയിൽ ജസ്റ്റിസ് ശ്രീ.എം.ആർ.ഹരിഹരൻ നായർ സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ.എൻ.ചന്ദ്രശേഖരൻ നായരുടെ ബഹുമുഖമായ വ്യക്തിത്വത്തെയും, സർഗ്ഗാത്മകതയേയും കുറിച്ചും, ഹിന്ദീ രംഗത്തിന് അദ്ദേഹം നൽകിയ സംഭാവനകളെക്കുറിച്ചും അനുസ്മരിക്കപ്പെട്ടു.

മലയാളത്തിലും ഹിന്ദിയിലും നടന്ന അനുസ്മരണ സമ്മേളനത്തിൽ രാജ്യത്തെ പ്രമുഖരും ഹിന്ദീ പണ്ഡിതരും പങ്കുചേർന്നു അദ്ദേഹത്തെ അനുസ്മരിച്ചു.

ശ്രീ.കെ.രാമൻപിള്ള, ഡോ.എൻ.രാധാകൃഷ്ണൻ, സ്വാമി അശ്വതി തിരുനാൾ, ഡോ.സുധീർ കിടങ്ങൂർ. പ്രൊഫ.മീരാ സാഹിബ്, ശ്രീമതി.ലീന എസ്. ശ്രീ.രഘു ചന്ദ്രിക, ശ്രീ.വി.അനിൽകുമാർ, ഡോ.സുശീൽകുമാർ കോട്നാല, ശ്രീമതി.രാജപുഷ്പം പീറ്റർ. ശ്രീമതി.ഗീതാകുമാരി.പി.ഒ, ഡോ.ലക്ഷ്മി എസ്.നായർ, ഡോ.ജെ.അജിതകുമാരി, ഡോ.എസ്.സുനന്ദ എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

മലയാളത്തിലെയും ഹിന്ദിയിലെയും പ്രമുഖ എഴുത്തുകാരനും ഹിന്ദീ പ്രചാരകനുമായിരുന്ന ഡോ.എൻ.ചന്ദ്രശേഖരൻ നായർ, കവി, നോവലിസ്റ്റ്, നാടകകൃത്ത്, ഗവേഷണ പണ്ഡിതൻ., ചിത്രകാരൻ. നിരൂപകൻ എന്നീ നിലകളിൽ അദ്ദേഹം പ്രശസ്തനായിരുന്നു.

വിവിധ ആനുകാലികങ്ങളിൽ 800ലേറെ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

യു.ജി.സി.,ഡീ-ലിറ്റ് നൽകിയ അദ്ദേഹത്തെ 2020-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു. വിശ്വഹിന്ദി സമ്മാൻ, ഹിന്ദീ രത്നസമ്മാൻ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. 99-ാംാം വയസ്സിലാണ് അദ്ദേഹം അന്തരിച്ചത്.

കേരളത്തിൽ ഹിന്ദീ സാഹിത്യത്തിന്റെ ഉന്നമനത്തിനുവേണ്ടി ഡോ.എൻ.ചന്ദ്രശേഖരൻ നായർ ഉന്നതമായ ഹിന്ദീ ഗവേഷണ പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. 50000 രൂപയും, സ്തുതി ഫലകവും പ്രശംസാ പത്രവും അടങ്ങുന്ന ഈ പുരസ്കാരം 2018 മുതൽ എല്ലാവർഷവും കൊടുത്തുവരുന്നു.

അനുസ്മരണ സമ്മേളനത്തോടനുബന്ധിച്ച് വിശ്വഹിന്ദീ ദിനാചരണവും നടന്നു.

താങ്കളുടെ പത്രത്തിൽ ഈ വാർത്ത പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

ഡോ.എസ്.സുനന്ദ
ജനറൽ സെക്രട്ടറി
Mob; 8800095639
Email.0keralahindisahityaacademy.com
sarada.sunanda@gmail.com